പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1078 — 12.07.2016 ലെ മറുപടിയ്ക്ക്

**കർഷകർക്ക് മിനിമം വരുമാനം ഉറപ്പ് വരുത്തുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി.<br>ശ്രീ.സി.കെ.നാണു.<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് മിനിമം വരുമാനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ ഉത്തരവ് ജി ഒ (പി) നം59/15/കൃഷി തീയതി, 28.03.2015 പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിച്ച കാർഷിക വികസന നയം 2015 (നയം-99)ൽ കൃഷിയുടെ പ്രധാന അടിത്തറയെന്ന നിലയിൽ പ്രവർത്തിക്കുന്ന കർഷകർക്കായി വരുമാനം ഉറപ്പിക്കൽ ലക്ഷ്യമിടുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുകയും ഇതിനായി പ്രത്യേക നിയമം കൊണ്ടുവരികയും വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.<br>ഇതിനായി പ്രത്യേക പദ്ധതികൾക്ക് ഇതുവരെ രൂപം നൽകിയിട്ടില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കുന്ന കാർഷിക വികസന പദ്ധതികളെല്ലാം തന്നെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്നവയാണ്. |
| (സി) | ടി പദ്ധതികളുടെ സാമ്പത്തിക സ്രോതസ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ? | (സി) | സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബജറ്റ് വിഹിതമാണ് ഈ പദ്ധതികളുടെ സാമ്പത്തിക സ്രോതസ്സ്. |

സെക്ഷൻ ഓഫീസർ